പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*310 24.6.2013 ൽ മറുപടിക്ക്

## പോലീസ് സേനയിലെ സംഖ്യാബലം

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്

ശ്രീ. പി.എ. മാധവൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ പോലീസ് സേനയുടെ സംഖ്യാബലം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ)യും, (ബി)യും) സംസ്ഥാനത്തെ പോലീസ് സേനയുടെ സംഖ്യാബലം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) പദ്ധതിയനുസരിച്ച് എത്രപേർക്ക് പോലീസ് സേനയിൽ നിയമനം നൽകാനാകും; | |
| (സി) ഇപ്പോഴത്തെ പോലീസ് ജനസംഖ്യാനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി)യും, (ഡി)യും) ഇപ്പോഴത്തെ അനുപാതം 1:725 എന്നാണ്. സംസ്ഥാന സുരക്ഷാ കമ്മീഷന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ജനസംഖ്യാനുപാതം 1:500 എന്ന നിരക്കിലെങ്കിലും വർദ്ധിപ്പിക്കേണ്ടതാണെന്ന സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | |

സെക്ഷൻ ഓഫീസർ